റേഷൻ കടകളുടെ പ്രവർത്തനം

*20 [78] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) റേഷൻ കടകൾ മിക്കതും റേഷൻ സാധനങ്ങൾ വാങ്ങാൻ ആളില്ലാതെ പ്രവർത്തനരഹിതമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ റേഷൻ കടകൾ പ്രവർത്തനോന്മുഖമാക്കുന്ന എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റേഷൻ കടകൾ മുഖേന നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ നിത്യോപയോഗ സാധനങ്ങളും റേഷൻ കടകൾ മുഖേന വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(എഫ്) റേഷൻ കടകളിൽ എസ്.ടി.ഡി. ബൂത്ത്, പാചകവാതകം, മണ്ണെണ്ണ എന്നിവയുടെ ഡീലർഷിപ്പ് ആരംഭിക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെക്കുറിച്ച് ഒരു വിലയിരുത്തൽ പഠനം നടത്തുവാൻ തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. തെരഞ്ഞെടുത്ത റേഷൻ കടകൾവഴി വിതരണം നടത്തുന്നുണ്ട്. മുളക്, മല്ലി, കടുക്, ജീരകം, ഉലുവ, ഉഴുന്ന്, കടല, തുവര പരിപ്പ്, പീസ് പരിപ്പ്, വൻപയർ, ചെറുപയർ, ശബരി തേയില, പി.ഡി.എസ്. ആട്ട തുടങ്ങിയ സാധനങ്ങളാണ് വിതരണം ചെയ്യുന്നത്.

(ഇ) മാവേലി സ്റ്റോർവഴി വിതരണം ചെയ്യുന്ന എല്ലാ നിത്യോപയോഗ സാധനങ്ങളും തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴിയും വിതരണം ചെയ്യുന്നതിന് ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇപ്രകാരം കേന്ദ്ര നിർദ്ദേശം ലഭിച്ചതായി കാണുന്നില്ല.

ഗോരക്ഷാ പദ്ധതി

*21 [79] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ഗോരക്ഷാ പദ്ധതിപ്രകാരം കുത്തിവയ്പ്പ് നടത്തി പശുക്കൾ ചത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പശുക്കൾ ചത്തൊടുങ്ങാനുള്ള കാരണവും സാഹചര്യവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) പശുക്കൾ ചത്തൊടുങ്ങിയ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്താകെ 11.75 ലക്ഷം പ്രതിരോധ കുത്തിവയ്പ്പുകൾ നടന്നതിൽ 29 കന്നുകാലികൾ (11 പശുവും 18 ആടുകളും) പ്രതിരോധ കുത്തിവയ്പ്പിന്റെ പാർശ്വഫലംമൂലം മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly